മലയാള മനോരമ

# നിങ്ങൾക്കു വേണ്ടത് ചൂടുചായയോ കാപ്പിയോ... ഈ 'യന്തിരന'റിയാം...

- സ്വന്തം ലേഖകൻ

Story Dated: Tuesday, November 16, 2010 22:41 hrs IST

Print | E-mail | Share | Text Size




ടോക്യോ: സാറിന് ഒരു കോഫി എടുക്കട്ടെ..., മാഡത്തിന് ഒരു സ്ട്രോങ് ചായ ആയാലോ...ആതിഥ്യമര്യാദയുടെ ഈ വാക്കുകൾ ഏതെങ്കിലും വീട്ടിലോ ഓഫിസിലോ ഹോട്ടലിലോ ചെല്ലുമ്പോൾ കേൾക്കുന്നതു പുതുമയല്ല. പക്ഷേ, ചായയോ കോഫിയോ കുടിക്കാൻ ആഗ്രഹിച്ച് വെൻഡിങ് മെഷീനടുത്തെത്തുമ്പോൾ മെഷീൻ നമ്മോട് ഇങ്ങനെ പറഞ്ഞാലോ... അതല്ലേ ആതിഥ്യമര്യാദയുടെ ഏറ്റവും ഉയർന്ന നില...?

ജപ്പാനിലെ ജെആർ ഈസ്റ്റ് എന്ന കമ്പനി രൂപം നൽകിയ ചായ-കാപ്പി വെൻഡിങ് മെഷീൻ ഇങ്ങനെ തിരിച്ചറിവുള്ളൊരു യന്തിരൻ തന്നെ. മുന്നിലെത്തുന്ന ആളുടെ പ്രായവും ലിംഗവുമൊക്കെ തിരിച്ചറിഞ്ഞ് ചായയോ കോഫിയോ വേണ്ടത് എന്നും തണുത്തതോ ചൂടുള്ളതോ ഇളം ചൂടുള്ളതോ പഥ്യം എന്നും സജസ്റ്റ് ചെയ്യും ഈ വിരുതൻ യന്ത്രം.ഉദാഹരണത്തിന്, ഒരു ചെറുപ്പക്കാരി മുന്നിലെത്തിയാൽ യന്ത്രം ചോദിക്കുക മധുരമുള്ള ഏതെങ്കിലും ചായ ഇനം എടുക്കട്ടേ എന്നാകും, ഒരു അൻപതുകാരനാണ് വരുന്നതെങ്കിൽ ഗ്രീൻ ടീ എടുക്കാം എന്നാകും നിർദേശം. വിപണിഗവേഷണം നടത്തി കണ്ടെത്തിയിരിക്കുന്നവയാണ് ഇത്തരം ഇഷ്ടാനിഷ്ടങ്ങൾ.

ടച് സ്ക്രീൻ പാനലിലെ സെൻസറുകളാണ് ഉപഭോക്താവിനെ തിരിച്ചറിയാൻ സഹായിക്കുന്നത്.സാധാരണ വെൻഡിങ് മെഷീനിലൂടെ വിൽക്കുന്നതിന്റെ മൂന്നിരട്ടിയാണ് റയിൽവേ സ്റ്റേഷനിൽ പരീക്ഷണാർഥം സ്ഥാപിച്ച തിരിച്ചറിവുള്ള മെഷീനിലൂടെ വിൽക്കുന്നതെന്ന് കമ്പനി പറയുന്നു. ഈയാഴ്ച കൂടുതലെണ്ണം സ്ഥാപിക്കും. അടുത്ത മാർച്ചിനകം 500 എണ്ണമെങ്കിലും ടോക്യോയിൽ സ്ഥാപിക്കാനാണു കമ്പനി ലക്ഷ്യമിടുന്നത്.